വികലാംഗർക്ക് തിരിച്ചറിയൽ കാർഡ്

24 (*583) ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വികലാംഗർക്ക് തിരിച്ചറിയൽ കാർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സംവിധാനം ഏതെല്ലാം ജില്ലകളിൽ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്;

(സി) തിരിച്ചറിയൽ കാർഡ് ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിക്കാമെന്ന് വെളിപ്പെടുത്തുമോ;

(ഡി) തിരിച്ചറിയൽ കാർഡ് സംസ്ഥാനത്ത് എല്ലാ മേഖലയിലേയും വികലാംഗർക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സംസ്ഥാനത്ത് വികലാംഗർക്ക് തിരിച്ചറിയൽ കാർഡ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. 24-ാം തീയതി ഇത് ഉദ്ഘാടനം ചെയ്യപ്പെടും.

(ബി) ഒരു ജില്ലയിലും ഇതുവരെ നടപ്പിലാക്കിയിട്ടില്ല. എന്നാൽ തിരുവനന്തപുരം ജില്ലയിൽ ഈ സാമ്പത്തിക വർഷം 1500 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) വികലാംഗർക്ക് അർഹതപ്പെട്ട ഏത് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും അഖിലേന്ത്യാതലത്തിൽത്തന്നെ ഹാജരാക്കാവുന്ന ആധികാരിക രേഖയായി ഈ തിരിച്ചറിയൽ കാർഡ് ഉപയോഗിക്കുക എന്നതാണ് ലക്ഷ്യം.

(ഡി) തിരിച്ചറിയൽ കാർഡ് സംസ്ഥാനത്തെ എല്ലാ മേഖലയിലേയും വികലാംഗർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജനകീയാസൂത്രണത്തോടനുബന്ധിച്ച് അയൽക്കൂട്ടങ്ങൾ

25 (*584) ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണത്തോടനുബന്ധിച്ച് അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) അയൽക്കൂട്ടങ്ങൾ എന്തെല്ലാം പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിട്ടുള്ളത്?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ) ഉണ്ട്.

(ബി) ഗ്രാമസഭകളെ ശക്തിപ്പെടുത്തുക, പദ്ധതി ആസൂത്രണത്തിലെന്നപോലെ പദ്ധതി നിർവ്വഹണത്തിനായി ഗുണഭോക്തൃസമിതി രൂപീകരിക്കു

LIBRARY ARCHIVES Kerala Legislative Assembly